# പുല്ലൂരാംപാറ ഹൈസ്കൂളിൽ വിഫ്സ് വാരാചരണം

കൗമാരക്കാരായ കുട്ടികളിൽ കാണുന്ന വിളർച്ച, ക്ഷീണം, ഉന്മേഷക്കുറവ്, മറ്റ് ആരോഗ്യപ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരമായി അയൺ ഫോളിക് ആസിഡ് ഗുളിക ഉപയോഗപ്പെടുത്തുന്നതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനായി പുല്ലൂരാംപാറ സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ വിഫ്സ് ( പ്രതിവാര അയൺ ഫോളിക് ആസിഡ് പോഷണ പദ്ധതി) വാരാചരണം നടത്തി. മെഡിക്കൽ ഓഫീസർ ഡോ. ഷഹീർ അന്തൂർ ഉദ്ഘാടനം നിർവഹിച്ചു. വിഫ്സ് പ്രോജക്ട് റിപ്പോർട്ട് സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി. മേരി തോമസ് ഡോ. ഷഹീർ അന്തൂരിന് കൊടുത്തുകൊണ്ട് പ്രകാശനം നിർവഹിച്ചു. ബോധവൽക്കരണ ക്ലാസ്സ് നടത്തി. വാരാചരണത്തിന്റെ ഭാഗമായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. കുട്ടികൾ അയൺ ഗുളിക കൃത്യമായി കഴിക്കുമെന്ന് പ്രതിജ്ഞ ചെയ്തു. ബോധവൽക്കരണ ക്യാംപെയ്ന്റെ ഭാഗമായി ഗൃഹസന്ദർശനം നടത്തി ലഘുലേഖ വിതരണം ചെയ്തു.

..........................................................................................